# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2005

## 16.08.2017 ലെ മറുപടിക്ക്

**എം. എൽ.എ. മാരുടെ ആസ്തി വികസന ഫണ്ടിന് ഭരണാനുമതി നൽകുന്നതിന് ജില്ലാ കേന്ദ്രങ്ങളിലെ ക്രമീകരണങ്ങൾ**

<table>
<tr><th colspan="2">ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ</th><th>ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>എം. എൽ.എ. മാരുടെ ആസ്തി വികസന ഫണ്ട് സംബന്ധിച്ചുള്ള ഭരണാനുമതി നൽകുന്നതിന് ജില്ലാ കളക്ടർമാരെ അധികാരപ്പെടുത്തി ഉത്തരവായിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;</td><td rowspan="3">2017-18 സാമ്പത്തിക വർഷം മുതൽ നിയോജക മണ്ഡല ആസ്തി വികസന പദ്ധതി ജില്ലാ കളക്ടറേറ്റുകളിലൂടെ നടപ്പിലാക്കുന്നതിനായി പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ.(അ) നം.86/2017/ധന. തീയതി 04.07.2017 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതനുസരിച്ച് 2017-18 സാമ്പത്തിക വർഷത്തേക്കുള്ള ശുപാർശകൾ എം.എൽ.എ.മാർ അതത് ജില്ലാ കളക്ടർക്ക് സമർപ്പിക്കേണ്ടതാണ്. ശുപാർശ ചെയ്യുന്ന പ്രവൃത്തികളിൽ ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക 1 കോടി രൂപയോ അതിൽ കൂടുതലോ ആണെങ്കിൽ ആയതിന് ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള ധനാനുമതി ലഭിക്കുന്നതിനായി ജില്ലാ കളക്ടർമാർ പ്രസ്തുത ശുപാർശ ധനകാര്യ വകുപ്പിലേക്ക് അയയ്ക്കേണ്ടതും അനുമതി തേടിയിരിക്കേണ്ടതുമാണ്. ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക 1 കോടി രൂപയിൽ താഴെയാണെങ്കിൽ ജില്ലാ തലത്തിൽ ഭരണാനുമതി നൽകാവുന്നതാണ്. നിലവിൽ എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധി കളക്ടറേറ്റുകളിലൂടെയാണ് നടപ്പാക്കി വരുന്നത്. പ്രസ്തുത സജ്ജീകരണങ്ങൾ ഉപയോഗപ്പെടുത്തിയാണ് ആസ്തി വികസന പദ്ധതിയും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ആസ്തി വികസന പദ്ധതിയ്ക്കായി വികസിപ്പിച്ചിട്ടുള്ള സോഫ്റ്റ് വെയർ മുഖേനയാണ് ഫയലുകൾ കൈകാര്യം ചെയ്യേണ്ടത്. സോഫ്റ്റ് വെയർ പരിശീലനം നൽകുന്നതിന് മുന്നോടിയായി ബന്ധപ്പെട്ട ADC/ ഡെപ്യൂട്ടി കളക്ടർമാരുടെയും കളക്ടറേറ്റുകളിലെ FO മാരുടെയും മറ്റു ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ഒരു യോഗം 28.07.2017 ന് വിളിച്ചു ചേർക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ കളക്ടറേറ്റുകളിൽ ആസ്തി വികസന പദ്ധതി കൈകാര്യം ചെയ്യുന്നതിലേക്കായി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണെന്നുൾപ്പെടെയുള്ള ആവശ്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങളും ആവശ്യങ്ങളും ധനകാര്യ വകുപ്പിൽ ഉന്നതതലത്തിൽ പരിശോധിച്ചു വരുകയാണ്.</td></tr>
<tr><td>(ബി)</td><td>ജില്ലാ കേന്ദ്രങ്ങളിൽ ഇതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ കൈകാര്യം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കുമോ;</td></tr>
<tr><td>(സി)</td><td>ഈ പദ്ധതി പ്രകാരം ഭരണാനുമതി നൽകാൻ ചുമതലപ്പെടുത്തിയിട്ടുള്ള ഓഫീസുകളിൽ ആവശ്യത്തിന് കമ്പ്യൂട്ടറുകളും സ്റ്റേഷനറി സാധനങ്ങളും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?</td></tr>
</table>

**സെക്ഷൻ ഓഫീസർ**